# പതിമൂന്നാം കേരളനിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ

ചോദ്യം നം.T 3926 26.06.2013 ൽ മറുപടിക്ക്

### എൻഡോസൾഫാൻ ദുരിതബാധിതരുടെ പുതുക്കിയ ലിസ്റ്റ്

| ചോദ്യം<br>ശ്രീ. കെ.കുഞ്ഞിരാമൻ<br>(തൃക്കരിപ്പൂർ): | മറുപടി<br>ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|
| കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിത ബാധിതരുടെ പുതുക്കിയ ലിസ്റ്റ് പ്രകാരം എത്ര പേർ ഉൾപ്പെട്ടിട്ടുണ്ടെന്നും പ്രസ്തുത ലിസ്റ്റിൽ അർഹതയില്ലാത്ത എത്ര പേർ ഉൾപ്പെട്ടിട്ടുണ്ടെന്നും വ്യക്തമാക്കുമോ? | എൻഡോസൾഫാൻ ദുരിതബാധിതരുടെ നിലവിലുള്ള പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള 4182 പേർ കൂടാതെ 2011 ഡിസംബർ, ആഗസ്റ്റ് മാസങ്ങളിൽ നടത്തിയ സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പിൽ നിന്ന് കണ്ടെത്തിയിട്ടുള്ള 1318 പേരെ കൂടി ഉൾപ്പെടുത്തി ആകെ 5500 പേരാണ് ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത്.<br>നിലവിലുണ്ടായിരുന്ന 4182 പേരുടെ പട്ടികയിൽ അനർഹരായി ആരെങ്കിലും ഉൾപ്പെട്ടിട്ടുണ്ടോ എന്ന കാര്യം പരിശോധിക്കുന്നതിനായി ആലപ്പുഴ ടി.ഡി.മെഡിക്കൽ കോളേജിലെ പ്രൊഫസർ ഡോ.കെ.പി.അരവിന്ദൻ ഉൾപ്പെടെയുള്ള 5 ഡോക്ടർമാരെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നുണ്ട്.<br>2011 ഡിസംബർ, ആഗസ്റ്റ് മാസങ്ങളിൽ നടത്തിയ സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പിൽ നിന്ന് കണ്ടെത്തിയിട്ടുള്ള, ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) മുഖാന്തിരം തയ്യാറാക്കിയ പ്രസ്തുത 1318 പേരുടെ പട്ടികയിൽ അനർഹരായി ആരെങ്കിലും ഉൾപ്പെട്ടിട്ടുണ്ടോ എന്ന കാര്യം ഫീൽഡ് തലത്തിൽ പരിശോധിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ